ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എറണാകുളം
പാർക്ക് അവന്യു, എറണാകുളം - 682011
☎ 0484 - 2360802 ✉ dmohekmoffice@gmail.com

'ഭരണഭാഷ - മാതൃഭാഷ'

എ6 - 1425/2021

തീയതി : 08.01.2025

**Appendix – H4**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം : ആരോഗ്യവകുപ്പ് - ജി.മെ.ഒ.(ആ), എറണാകുളം - അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീ.മുഹമ്മദ് ഹാരിസ്.വി.എ, ഫാർമസിസ്റ്റ് ഗ്രേഡ് – 2, കുടുംബാരോഗ്യകേന്ദ്രം, പുന്നേക്കാട് - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് – സംബന്ധിച്ച്

സൂചന :
1. നം.404/2021/മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, കുടുംബാരോഗ്യകേന്ദ്രം, പുന്നേക്കാട് തീയതി : 30.12.2021,
2. നം.ഇ4-8094/2021/ആ.വ.ഡ, തീയതി : 04.03.2022
3. കുറ്റാരോപണ മെമ്മോ നം.എ6-6262/2022/ജി.മെ.ഓ.(ആ), എറണാകുളം തീയതി : 13.04.2021
4. താങ്കളുടെ പ്രതിവാദ പത്രിക, തീയതി : 06.05.2022

*******************************************

ശ്രീ.മുഹമ്മദ് ഹാരിസ്.വി.എ, ഫാർമസിസ്റ്റ് ഗ്രേഡ് – 2 തസ്തികയിൽ പുന്നേക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ ജോലി നോക്കി വരവേ 01.10.2021 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്ക് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ അനുവദിക്കുന്നതിനു മുൻപു തന്നെ 18.09.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി സൂചന (1) പ്രകാരം സ്ഥാപനമേധാവി നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെയും, മേൽ സൂചന (2) നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന താങ്കൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും സൂചന (3) പ്രകാരം രജിസ്ട്രേഡ് വിത്ത് എ/ഡി ആയി കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് താങ്കൾ സൂചന (4) പ്രകാരം നൽകിയ പ്രതിവാദ പത്രികയിൽ വിദേശ ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായതിനാൽ ശൂന്യവേതനാവധി സമർപ്പിച്ചതിനുശേഷം വിദേശത്തേയ്ക്ക് മടങ്ങി പോകേണ്ടി വന്നുവെന്നും അറിയിച്ചിരുന്നു. അവധി അനുവദിക്കുന്നതിനു മുൻപ് തന്നെ സർക്കാരിന്റെ അനുമതി കൂടാതെയാണ് താങ്കൾ വിദേശത്ത് പോയിരിക്കുന്നത്.

ആർ.ആർ

പ്രസ്തുത സാഹചര്യത്തിൽ 18.09.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി എടുത്തിരിക്കുന്ന തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. ഈ വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധിക്കകം താങ്കളുടെ രേഖാമൂലമുള്ള മറുപടി ഈ കാര്യാലയത്തിൽ ലഭ്യമായില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്കനടപടി അവസാനിപ്പിക്കുന്നതാണ്.

ഡോ.ആശാദേവി
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
എറണാകുളം

സ്വീകർത്താവ് :

ശ്രീമതി.മുഹമ്മദ് ഹാരിസ്.വി.എ, ഫാർമസിസ്റ്റ് ഗ്രേഡ് - 2

പകർപ്പ്:

1. മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, കുടുംബാരോഗ്യകേന്ദ്രം, പുന്നേക്കാട്
2. ഫയൽ / കരുതൽ ഫയൽ

ആർ.ആർ